To FMIS


# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,

തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145


## പത്രക്കുറിപ്പ്

തീയതി.11.05.2018

### വനാശ്രിതർക്കായി ഫോറസ്റ്റ് അദാലത്തുകൾ സംഘടിപ്പിക്കും: വനം മന്ത്രി അഡ്വ. കെ. രാജു.

വനവുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ടറിയുന്നതിനും അവ പരിഹരിക്കുന്നതിനുമായി ഫോറസ്റ്റ് അദാലത്തുകൾ സംഘടിപ്പിക്കുമെന്ന് വനം മന്ത്രി അഡ്വ. കെ. രാജു അറിയിച്ചു. വെള്ളറടയിൽ നിർമ്മാണം പൂർത്തിയാക്കിയ ആനപ്പാറ ഫോറസ്റ്റ് കമ്മ്യൂണിറ്റി സെന്റർ നാടിന് സമർപ്പിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കൃഷിനാശം, വന്യമൃഗശല്യം, മനുഷ്യ-വന്യജീവി സംഘർഷം, നഷ്ടപരിഹാരം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നേരിട്ട് വനം വകുപ്പ് അധികാരികളെ അറിയിക്കാൻ തദ്ദേശവാസികൾക്ക് അവസരമൊരുക്കുകയാണ് ഫോറസ്റ്റ് അദാലത്തുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. പട്ടയവുമായി ബന്ധപ്പെട്ട പരാതികളൊഴികെ മറ്റെല്ലാ കാര്യത്തിലും സത്വര നടപടികളെടുക്കാൻ അദാലത്തുകൾ ഉപകാരപ്പെടും. ഇത്തരത്തിലുള്ള ആദ്യ അദാലത്ത് ആനപ്പാറ ഫോറസ്റ്റ് കമ്മ്യൂണിറ്റി സെന്ററിൽ നടത്തുമെന്നും വിജയകരമാണെങ്കിൽ സംസ്ഥാനത്തൊട്ടാകെ അദാലത്തുകൾ സംഘടിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

വനത്തേയും വന്യജീവികളേയും സംരക്ഷിച്ചുകൊണ്ടുള്ള വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കി സമാധാന ജീവിതം ഉറപ്പാക്കുന്നതിന് വനാതിരത്തി പങ്കിടുന്ന പഞ്ചായത്തുകളിൽ ജനപ്രതിനിധികളും വനം വകുപ്പ് ഉദ്യോഗസ്ഥരും അടങ്ങിയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിനോടകം 204 ജനജാഗ്രതാ സമിതികൾ പ്രവർത്തനക്ഷമമായിക്കഴിഞ്ഞു. കോട്ടൂർ ആനപരിപാലന കേന്ദ്രം മികവിന്റെ കേന്ദ്രമാക്കുന്നതിന് 110 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നെയ്യാർ സഫാരി പാർക്കിൽ രണ്ട് സിംഹങ്ങളെ എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

വനം വകുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടക്കുന്ന എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കുമെന്നും പേപ്പാറയിൽ നിർമ്മാണം പൂർത്തിയായിവരുന്ന ഐ.ബി. ഈ മാസം ഉദ്ഘാടനം ചെയ്യുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

25 വർഷമായി പണിമുടങ്ങിക്കിടന്ന കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണമാണ് ഇപ്പോൾ പൂർത്തിയായത്. സർക്കാരിന്റെ രണ്ടാം വാർഷികാഘോഷത്തിന്റെ ഭാഗമായാണ് ഉദ്ഘാടന ചടങ്ങ് നടന്നത്. 500 ഓളം പേർക്കിരിക്കാവുന്ന ഹാളും 350 പേർക്കുള്ള സദ്യാലയവും, ഫോറസ്റ്റ് ഉദ്യോഗസ്ഥർക്കായുള്ള വിശ്രമ മുറികളുമാണ് ഇവിടെ സജ്ജീകരിച്ചിട്ടുള്ളത്.

സി.കെ.ഹരീന്ദ്രൻ എം.എൽ.എ. അദ്ധ്യക്ഷത വഹിച്ചു. ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയകക്ഷിനേതാക്കൾ തുടങ്ങിയവർ ആശംസകളർപ്പിച്ചു. എ.ബി.പി. സർക്കിൾ ഫോറസ്റ്റ് കൺസർവേറ്റർ പി.പി. പ്രമോദ് സ്വാഗതവും തിരുവനന്തപുരം വൈൽഡ്ലൈഫ് വാർഡൻ വൈ.എം. ഷാജികുമാർ നന്ദിയും പറഞ്ഞു.

Photos attached

പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

FIBPR-14/18